# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുലാമന്തോൾ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM27/131/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 08/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുലാമന്തോൾ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM27/131/2023 തീയ്യതി: 08/03/2023

## മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-11-2021 മുതൽ 15-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 24-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-01-2023 | 24-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സൗമ്യ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.മധുസൂദനൻ.എം | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മുരളീധരൻ .എം | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.അരുൺ.വി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.നിസാർ . | കൃഷി ഓഫീസ**ർ** | 01-04-2021 | 25-10-2021 |
| ശ്രീ.സ്വാതി വിശ്വനാഥൻ | കൃഷി ഓഫീസ**ർ** | 26-10-2021 | 31-03-2022 |
| ഡോ. റൂബി വിദ്യാധരൻ | വെറ്ററിനറി സ**ർജൻ** | 01-04-2021 | 31-03-2022 |
| ഡോ.ആശ ജലാൽ | MO (FHC) | 01-04-2021 | 31-03-2022 |
| ശ്രീമതി.അജിതകുമാരി | ഐ.സിഡി.എസ്. സൂപ്പ**ർ**വൈസ**ർ** | 01-04-2021 | 31-03-2022 |
| ശ്രീ.ഉമ്മർ .പി.പി | ഹെഡ് മാസ്റ്റർ | 01-04-2021 | 27-10-2022 |
| ശ്രീ.ഷാജിമോൻ | ഹെഡ് മാസ്റ്റർ | 28-10-2021 | 08-12-2021 |
| ശ്രീ.ഉമ്മർ.പി.പി | ഹെഡ് മാസ്റ്റർ | 01-04-2021 | 27-10-2021 |
| ശ്രീ.രാജ്കുമാർ.ആർ | വി.ഇ.ഒ-1 | 01-04-2021 | 07-09-2021 |
| ശ്രീ.ജെസ്റ്റിൻ സെബാസ്റ്റ്യൻ | വി.ഇ.ഒ-1 | 08-09-2021 | 23-12-2021 |
| ശ്രീമതി.ഷൈജ.എം | വി.ഇ.ഒ-1 | 24-12-2021 | 31-03-2022 |
| ശ്രീമതി.ഷീഫാന.പി.എസ് | വി.ഇ.ഒ-2 | 01-04-2021 | 31-03-2022 |
| ശ്രീമതി.ദിവ്യ | ഡി.ഇ.ഒ | 01-04-2021 | 31-03-2022 |
| ഡോ.ഷംസാദ് | MO (ISM) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | അഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്ക് - അപാകതകൾ | 1-11 |
| 12 | FHC-യിലേക്ക് മരുന്നുകൾ ലഭ്യമാവാത്തത് സംബന്ധിച്ച് | 1-12 |
| 13 | പാലിയേറ്റീവ് കെയർ -മരുന്നുകൾ ലഭ്യമാവാത്തത് സംബന്ധിച്ച് | 1-12-1 |
| 14 | ഹോമിയോ-മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് | 1-13 |
| 15 | ബിൽഡിങ് ടാക്സ് അസസ്സ്മെന്റ് -റോഡ് തരം തെറ്റായി രേഖപ്പെടുത്തി | 1-14 |
| 16 | ദുരിതാശ്വാസ നിധി -കാര്യക്ഷമമാക്കണം | 1-15 |
| 17 | അഗതി രഹിത കേരളം പദ്ധതി - കിറ്റ് വിതരണം-അപാകതകൾ | 1-16 |
| 18 | പഞ്ചായത്ത് ഹാൾ നവീകരണം-അപാകതകൾ | 1-17 |
| 19 | നെൽകൃഷി വികസനം- അപാകതകൾ | 1-18 |
| 20 | ന്യൂട്രിമിക്സ് വിതരണം- ഭക്ഷ്യ സുരക്ഷ ഉറപ്പാക്കേണ്ടതാണ്. | 1-19 |
| 21 | വളപുരം ഗവ.യുപിസ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ -അപാകതകൾ പരിഹരിക്കേണ്ടതാണ്. | 1-20 |
| 22 | ലൈഫ് ഭവനപദ്ധതി -സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ് | 1-21 |
| 23 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ -പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. | 1-22 |
| 24 | ഡെപ്പോസിറ്റ് -വിനിയോഗ വിവരം ലഭ്യമാക്കണം | 1-23 |
| 25 | പൊതു ടാപ്പുകൾ -സംയുക്ത പരിശോധന നടത്തണം | 1-24 |
| 26 | തെരുവ് വിളക്ക് -സംയുക്ത പരിശോധന സബന്ധിച്ച് | 1-25 |
| 27 | പുഞ്ചക്കുഴി കുളം നവീകരണം -ഓഡിറ്റ് പരാമർശം-18404/- രൂപ തിരിച്ചടവാക്കി. | 1-26 |

| | | |
|---|---|---|
| 28 | ഹോമിയോ ഡിസ്പൻസറി യിലേക്ക് ഫർണ്ണിച്ചർ-അപാകതകൾ | 1-27 |
| 29 | ഇ ടെൻഡർ- ടെൻഡർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. | 1-28 |
| 30 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്. | 1-29 |
| 31 | കുടിവെള്ള/ ജലസേചന പദ്ധതികളിൽ പുതിയ പമ്പ് സെറ്റ് സ്ഥാപിക്കൽ- തുടർ നടപടി സ്വീകരിക്കേണ്ടതാണ്. | 1-30 |
| 32 | കിണറിന് നെറ്റ് സ്ഥാപിക്കൽ - 2406 /- രൂപയുടെ അധിക ചെലവ്. | 1-31 |
| 33 | പൊട്ടിപ്പാറ അംഗണവാടി നിർമ്മാണം- ഗുണഭോക്തൃ സമിതികൾക്ക് അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി. | 1-32 |
| 34 | ഞെളിയത്ത് കുളമ്പ് അംഗൻവാടി നിർമ്മാണം- ഗുണഭോക്തൃ സമിതികൾക്ക് അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി. | 1-33 |
| 35 | കോൺക്രീറ്റ് റോഡ് കട്ട് ചെയ്യുന്നതിന് തെറ്റായ നിരക്ക് നൽകി- 19249 /- രൂപയുടെ അധിക ചെലവ്. | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കോൺക്രീറ്റ് റോഡ് കട്ട് ചെയ്യുന്നതിന് തെറ്റായ നിരക്ക് നൽകി- 19249 /- രൂപയുടെ അധിക ചെലവ്. | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Annexure-3 | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| തീരുമാന നം 1(1) തിയ്യതി 15.02.2021 | തീരുമാന നം 2(1) തിയ്യതി 23.03.2022 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി |
|---|---|
| 31.07.2022 | 01.06.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18051937 |
| വരവ് | 113263194 |
| ആകെ | 131315131 |
| ചെലവ് | 103798801 |
| നീക്കിയിരിപ്പ് | 27516330 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 16098676 | 16098676 | 16038084 | 60592 |
| വികസന ഫണ്ട് (എസ്.സി.പി) | 00 | 5772255 | 5772255 | 4956457 | 815798 |
| വികസന ഫണ്ട് (ടി.എസ്.പി) | 00 | 9325 | 9325 | 0 | 9325 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 00 | 12786000 | 12786000 | 12761649 | 24351 |
| സംരക്ഷണ ഗ്രാന്റ്(നോൺറോഡ്) | 00 | 7100217 | 7100217 | 6883057 | 217160 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 00 | 8088729 | 8088729 | 6557156 | 1531573 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 00 | 3998000 | 3998000 | 3941400 | 56600 |
| ബി-ഫണ്ട് | 00 | 56477500 | 56477500 | 56477500 | 00 |

### 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നപ്പാക്കിയത് (എണ്ണം) | നടപ്പാത്തിവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 234 | 207681257 | 181 | 87950680 | 53 | 00 | 77.35% |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7608 | 58959 | 66567 | 66523 | 44 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 14431074 | 14431074 | 14431074 | 0 |
| ആകെ | 7608 | 14490033 | 14497641 | 14497597 | 44 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8803000 | 555 |
| വിധവാ പെൻഷൻ | 26279200 | 1667 |
| വാർദ്ധക്യകാല പെൻഷൻ | 36483700 | 2495 |
| വികലാഗ പെൻഷൻ | 8655300 | 548 |
| വിവാഹ ധനസഹായം | 450000 | 15 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1363600 | 90 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.1.2023 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 17273/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണം

1. ആസ്തികളുടെയും സ്റ്റോക്കിന്റെയും ഭൗതികപരിശോധന നടത്തിയിട്ടില്ല.
2. ഇലക്ട്രോണിക് സാധനങ്ങളുടെ സ്റ്റോക്ക് കാലികമാക്കുന്നില്ല
3.ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഇൻക്യുബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ പ്രോജെക്ടുകൾ ഫലപ്രദമായി വിലയിരുത്തുവാൻ ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം ഫലപ്രദമല്ല.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.12.2022 | 2022 ഒക്ടോബർ മുതൽ നവംബർ വരെ | 17.12.2022 |
| എ.ജി. ഓഡിറ്റ് | 18.09.17 മുതൽ 07.10.17 | 2012 -13 മുതൽ 2016-17 | 16.11.17 |

## 1-11 വാർഷിക കണക്ക് - അപാകതകൾ

2021-22 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2(എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ , 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. ധനകാര്യകമ്മീഷൻ ഗ്രാന്റ് ബാലൻസ് തുക, ഷെഡ്യൂൾ B4 പ്രകാരം 16,93,353/- രൂപ , എന്നാൽ ഷെഡ്യൂൾ B17

പ്രകാരം 16,22,790/- രൂപയുമാണ്. വ്യത്യാസം വിശദമാക്കേണ്ടതാണ്.

3. സാമ്പത്തിക വർഷത്തെ ബാങ്ക് ബുക്കുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4. സംയുക്ത പ്രോജക്ടുകൾക്കായി നൽകിയ തുകയിൽ നീക്കിയിരുപ്പ് ഷെഡ്യൂൾ B4 പ്രകാരം 314,034/- (100- ജില്ലാ പഞ്ചായത്ത് + 313934 ബ്ലോക്ക് പഞ്ചായത്ത്), എന്നാൽ ഷെഡ്യൂൾ B17 പ്രകാരം364,130/- രൂപയുമാണ്. വ്യത്യാസം വിശദമാക്കേണ്ടതാണ്.

5. വാർഷിക കണക്കുകളിലെ വസ്തു നികുതി ഡിമാൻറ് , കളക്ഷൻ , ബാലൻസ് എന്നിവ സഞ്ചയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

| | വാർഷിക കണക്ക് പ്രകാരം | സഞ്ചയ സ്റ്റേറ്റ്മെന്റ് |
|---|---|---|
| ഡിമാന്റ് | 6317003 | 6507684 |
| കളക്ഷൻ | 6229654 | 6396709 |
| ബാലൻസ് | 18901 | 41626 |

6. സാമ്പത്തിക വർഷത്തെ സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
7. സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ബ്ലോക്ക് വിഹിതത്തിലുള്ള ചെലവ് 5437411/- എന്നാൽ വാർഷിക കണക്ക് പ്രകാരം 6025500/- രൂപയുമാണ്. വ്യത്യാസം വിശദമാക്കേണ്ടതാണ്.
8. വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ ബി 11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം തേയ്മാനം രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം തേയ്മാന മൂല്യം കണക്കാക്കുന്നതിന് ആധാരമാക്കിയ ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുസ്സ് എന്നിവയെ സംബന്ധിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. മേൽ നടപടി ക്രമങ്ങൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതി ലഭിച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(25/23-1-23) അപാകതകൾ പരിഹരിക്കുമെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 FHC-യിലേക്ക് മരുന്നുകൾ ലഭ്യമാവാത്തത് സംബന്ധിച്ച്

നിർവ്വഹണോദ്യോഗസ്ഥൻ MO (FHC)

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | ചെമ്മലശേരി പി എച്ച് സി യിലേക്ക് മരുന്ന വാങ്ങൽ (പ്രോജക്ട് നം 60/21-22) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ | 700000<br>(700000 /- മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് തുക | 700000 |
| ബിൽ നം, തുക | 700000/- 15/21-22, 17.11.2021 |

തൻ വർഷത്തിൽ പി എച്ച് സി യിലേക്ക് മരുന്ന വാങ്ങൽ പദ്ധതിയുടെ ഭാഗമായി മരുന്നുകൾ വാങ്ങാൻ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന തുകയ്ക്കുള്ള മരുന്നുകൾ കിട്ടിയതിന്റെ വിവരം മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്.

| ഇൻവോയിസ് നമ്പർ/തീയ്യതി | തുക | നൽകിയ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|
| 9697/06.12.21 | 88055 | 700000 | 70446 |
| 12662/09.02.22 | 20609 | | |
| 12673/09.02.22 | 12674 | | |
| 12659/09.02.22 | 9322 | | |
| 13726/23.02.22 | 3275 | | |
| 15318/30.03.22 | 85082 | | |
| 390/18.04.22 | 89852 | | |
| 392/18.04.22 | 47009 | | |
| 637/20.04.22 | 119669 | | |
| 1804/10.05.22 | 27400 | | |

| | |
|---|---|
| 2300/17.05.22 | 35016 |
| 3766/06.06.22 | 8276 |
| 8424/11.08.22 | 23775 |
| 12936/03.10.22 | 40086 |
| 1668/10.11.22 | 19454 |
| ആകെ | 629554 |

അവശേഷിയ്ക്കുന്ന 70446 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം. 26/23.01.2023 ന് അവശേഷിയ്ക്കുന്ന മരുന്നുകൾ ഉടനടി ലഭ്യമാക്കാമെന്ന് കെ.എം സി.എൽ അറിയിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് . തുടർനടപടി വിവരം അറിയിയ്ക്കേണ്ടതാണ്.

## 1-12-1 പാലിയേറ്റീവ് കെയർ -മരുന്നുകൾ ലഭ്യമാവാത്തത് സംബന്ധിച്ച്

| | |
|---|---|
| പരിരക്ഷ-പാലിയേറ്റീവ് കെയർ<br>(പ്രോജക്ട് നം. 54/21-22) | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ | 1159916<br>(380300 /- പൊതു വിഭാഗം<br>17056/- തനത് ഫണ്ട്<br>762560/- റോഡിതരം) |
| ചെലവ് തുക | 1156016 |
| ബിൽ നം, തുക | 300000/- 26/21-22 25.02.2022<br>(For Medicine Purchase) |

തൻ വർഷത്തിൽ പരിരക്ഷ-പാലിയേറ്റീവ് കെയർ (54/22) പദ്ധതിയുടെ ഭാഗമായി മരുന്നുകൾ വാങ്ങാൻ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് 3 ലക്ഷം രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ വിവരം മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്.

| ഇൻവോയിസ് നമ്പർ/തീയ്യതി | തുക | നൽകിയ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|
| 4482/16.06.2022 | 34,871 | | |
| 8991/23.08.2022 | 4339 | | |
| 8988/23.08.2022 | 7276 | 300000 | 76826 |
| 11850/21.09.2022 | 71736 | | |
| 15938/04.11.2022 | 1955 | | |
| 17370/16.11.2022 | 47537 | | |
| 22149/06.01.2023 | 55460 | | |
| ആകെ | 223174 | | |

അവശേഷിയ്ക്കുന്ന 76826 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം. 27/23.01.2023 ന് ലഭ്യമാക്കിയ മറുപടിയിൽ അവശേഷിയ്ക്കുന്ന മരുന്നുകൾ ഉടനടി ലഭ്യമാക്കാമെന്ന് കെ.എം.സി.എൽ അറിയിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് . തുടർനടപടി വിവരം അറിയിയ്ക്കേണ്ടതാണ്.

## 1-13 ഹോമിയോ-മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

| | |
|---|---|
| ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ | |

| | |
|---|---|
| (പ്രോജക്ട് നം. 8/21-22) | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1,50,000 /- മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് തുക | 1,50,000 /- |
| ബിൽ നം, തുക | 150000/- 10/21-22 15.02.2022<br>(For Medicine Purchase) |

തൻ വർഷത്തിൽ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങുന്നതിനായി ഹോംകോ ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ വിവരം മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്.

| ഇൻവോയിസ് നമ്പർ/തീയ്യതി | തുക | നൽകിയ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|
| 18/19.05.2022 | 80471 | 150000 | 69529 |

അവശേഷിക്കുന്ന 69529 /- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം. 30/21-22/24.1.22 ന് ലഭ്യമാക്കിയ മറുപടിയിൽ അവശേഷിക്കുന്ന മരുന്നുകൾ ഉടനടി ലഭ്യമാക്കാമെന്ന് ഹോംകോയിൽ നിന്നും അറിയിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് . തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ബിൽഡിങ് ടാക്സ് അസസ്സ്മെന്റ് -റോഡ് തരം തെറ്റായി രേഖപ്പെടുത്തി

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

2011 ലെ കേരളാ പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 ഉപചട്ടം 1 പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തിനകത്തുള്ളതോ, ഗ്രാമ പഞ്ചായത്ത് പ്രദേശത്തു കൂടി കടന്നു പോകുന്നതോ ആയ റോഡുകളുടെയും, നടപ്പാതകളുടെയും അഞ്ചു മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകൾ , അഞ്ചു മീറ്ററിൽ കുറവും എന്നാൽ ഒന്നര മീറ്ററിൽ കൂടുതലോ വീതിയുള്ള റോഡുകൾ,ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡുകൾ, എന്നിങ്ങനെ തരം തിരിക്കേണ്ടതുമാണ്.

| ഉടമ / അപേക്ഷ നം | റീ.സ. നമ്പർ/ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | പെർമിറ്റ് നമ്പർ | ഉപയോഗക്രമം | കെട്ടിട നമ്പർ |
|---|---|---|---|---|
| ജലീൽ മണ്ണേങ്ങൽ BABC06/3648/2022 | 106/35-5 49.56 M2 | BA(6015)/22 Dtd 27.12.2021 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിലുള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ, ഷോപ്പുകൾ | 10/387 A-C |

മേൽ കെട്ടിടത്തിന്റെ ഫയലിൽ റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ച കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് ആയിട്ടാണ് കാണിച്ചിരിക്കുന്നത്. 2011 ലെ കേരളാ പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലുള്ളതോ ആയ വഴി സൗകര്യത്തിന് അടിസ്ഥാന വസ്തുനികുതിയുടെ കൂടെ 20% വർദ്ധനവ് കൂടി ഉൾപ്പെടുത്തേണ്ടതാണ്. മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി നം: 28/21-22 /23.01.23 ന് സഞ്ചയ സ്റ്റോഫ്റ്റ് വെയറിൽ ശരിയായ റോഡ് സെലക്ട് ചെയ്ത് 2022-23 ഒന്നാം സാമ്പത്തിക വർഷം മുതൽ നികുതി പുനർനിർണയിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. വസ്തു നികുതി പുനർനിർണയിച്ച് ഫോറം 6 സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-15 ദുരിതാശ്വാസ നിധി -കാര്യക്ഷമമാക്കണം

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ

മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ദുരിതാശ്വാസനിധിക്കായി പഞ്ചായത്തിൽ ഉള്ള അക്കൗണ്ടിൽ(നം :450430101അർബൻ Co-op സൊസൈറ്റി , മൂന്നിരിപ്പ് 96256രൂപയും പലിശ വരവ് 3369 രൂപയും ഉൾപ്പടെ 99625 രൂപയിൽ തൻവർഷം ചെലവൊന്നും ഇല്ല. തനതു ഫണ്ടിൽ നിന്നല്ലാതെ ധനസഹായം ലഭ്യമാകുന്നതിനുള്ള ദുരിതാശ്വാസ നിധി സജീവമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## 1-16 അഗതി രഹിത കേരളം പദ്ധതി - കിറ്റ് വിതരണം-അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :അസി.സെക്രട്ടറി

21-22 ൽ അഗതി രഹിത കേരളം പദ്ധതിയിൽ പ്രതിമാസം 120 ഗുണഭോക്താക്കൾക്ക് ഭക്ഷ്യ ധാന്യകിറ്റ് വിതരണം നടത്തിയിട്ടുണ്ട് .ഇവന്റ് മാനേജ്മെന്റ് & മാർക്കറ്റിങ് ഗ്രൂപ്പ് ,മലപ്പുറം എന്ന സ്ഥാപന മാണ് വിതരണം നടത്തിയിട്ടുള്ളത് .സമർപ്പിച്ച് ബില്ലുകൾ പരിശോധിച്ചതിൽ ആയത് GST ഉൾപ്പടാത്ത ബില്ലുകൾ ആണെന്നും TDS നടത്തിയിട്ടില്ലെന്നും കണ്ടെത്തി

വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രനം | ബിൽ ഇൻവോയ്സ് നം/തീ | തുക | വൗച്ചർ നം/തീ |
|---|---|---|---|
| 1 | 773/7.4.21<br>774/7.4.21<br>775/7.4.21 | 47600<br>33600<br>20500 ആകെ- 101700 | 1/21-22/22.4.21 |
| 2 | 634/3.5.21<br>635/3.5.21<br>636/3.5.21 | 20500<br>50000<br>35100 ആകെ-105600 | 2/21-22/25.5.21 |
| 3 | 673/1.6.21<br>674/1.6.21<br>675/1.6.21 | 20500<br>50000<br>35100 ആകെ- 105600 | 3/21-22/26.6.21 |
| 4 | 850/1.7.21<br>849/1.7.21<br>848/1.7.21 | 20500<br>50000<br>33300 ആകെ- 103800 | 7/21-22/13.7.21 |
| 5 | 1314/1.8.21<br>1313/1.8.21<br>1312/1.8.21 | 20500<br>50000<br>33300 ആകെ 103800 | 8/21-22/13.8.21 |
| 6 | 1359/1.9.21<br>1360/1.9.21<br>1361/1.9.21 | 20500<br>50000<br>33300ആകെ- 103800 | 26./21-2/29.9.21 |
| 7 | 1375/1.10.21<br>1376/1.10.21<br>1377/1.10.21 | 20500<br>50000<br>33300 ആകെ- 103800 | 29/21-2/29.10.21 |
| 8 | 1001/1.11.21<br>1002/1.11.21<br>1003/1.11.21 | 20500<br>50000<br>33300 ആകെ- 103500 | 30/21-2/30.11.21 |
| 9 | 1024/1.12.21<br>1025/1.12.21<br>1026/1.12.21 | 20500<br>50000<br>30300 ആകെ- 100800 | 49/21-2/18.12.21 |

| | | | |
|---|---|---|---|
| 10 | 1036/1.1.22<br>1037/1.1.22<br>1038/1.1.22 | 20500<br>50000<br>30300 ആകെ- 100800 | 54/21-22/4.1.22 |
| 11 | 1055/1.2.22<br>1056/1.2.22<br>1057/1.2.22 | 20500<br>50000<br>30300 ആകെ- 100800 | 63/21-22/25.2.22 |
| 12 | 1173/1.3.22<br>1174/1.3.22<br>1175/1.3.22 | 20500<br>50000<br>30300 ആകെ- 100800 | 65/21-22/18.3.22 |
| | ആകെ | 1234800 | |

മേൽ ബില്ലുകളുടെ GST ഉൾപ്പെടുന്ന ബില്ലുകൾ ഹാജരാക്കേണ്ടതും TDS നടത്തിയ രേഖകൾ ഹാജരാക്കേണ്ടതുമാണ് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം:24/21-22/23.1.23) മറുപടി സമർപ്പിച്ചിട്ടില്ല. ബന്ധപ്പെട്ട ഏജൻസികൾക്ക് കത്ത് നൽകി തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 പഞ്ചായത്ത് ഹാൾ നവീകരണം-അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്ട് നം:<br>പേര് | 274/22-<br>പഞ്ചായത്ത്ഹാൾ നവീകരണം | അടങ്കൽ/ഫണ്ടിനം | 241000(CFC )<br>239000 (OWN) |
| ചെലവ് | 350000/- | ബിൽ നം: /തീ:<br>വൗച്ചർ നം: /തീ: | 18/21-22<br>/27.3.22-241000<br>22101125/30.3.22-109000 |
| കോൺട്രാക്ടർ | ക്യൂൻസ് ഇന്റീരിയർ,പുലാമന്തോൾ | എഗ്രിമെന്റ് | 8/21-22/16.2.22 |

(Work -Cieling -TKT Sheet ,Partition -Alumimium Fab. Stage 18mm Plywood )

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, അളവ് പുസ്തകം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വോഷണത്തിന് (ഓഡിറ്റ് എൻക്വയറി നം:18/21-22/20.1.23 )സമർപ്പിച്ച് മറുപടിയിൽ ബന്ധപ്പെട്ട കരാറുകാരന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാവുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 നെൽകൃഷി വികസനം- അപാകതകൾ

കൃഷി ഓഫീസർ നിർവഹണം നടത്തിയ നെൽകൃഷി വികസനം എന്ന പ്രോജെക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജെക്ട് നമ്പർ/ പ്രോജെക്ടിന്റെ പേര് | 11-നെൽകൃഷി വികസന പദ്ധതി |
| അടങ്കൽ | 22,97,707-വികസന ഫണ്ട്<br>6,37,500- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>6,37,500- ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | ചെലവ്--22,97,707വികസനഫണ്ട്<br>ബിൽ നമ്പർ 196/4.12.21 - 4,36,410 രൂപ<br>ബിൽ നമ്പർ 197/4.12.21 – 7,55,950രൂപ<br>ബിൽ നമ്പർ 202/9.12.21-5,89,293 രൂപ<br>ബിൽ നമ്പർ 223/16.12.21-1,83,647 രൂപ<br>ബിൽ നമ്പർ 314/17.2.22- 3,32,407 രൂപ<br>6,37,500- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>6,37,500- ജില്ലാ പഞ്ചായത്ത് വിഹിതം |

മേൽ തുക താഴെ പറയും പ്രകാരം കർഷകർക്ക് കൂലിച്ചെലവിന് സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

| ബിൽ നമ്പർ/തിയതി | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 196/4.12.21 | 63 | 4,36,410 |
| 197/4.12.21 | 107 | 7,55,950 |
| 202/9.12.21 | 71 | 5,89,293 |
| 223/16.12.21 | 27 | 1,83,647 |
| 314/17.2.22 | 37 | 3,32,407 |

മേൽ പ്രോജെക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 സർക്കാർ ഉത്തരവ് (കൈ)22/18തസ്വഭവ തി. 14.2.18 ഖ. 6.1 പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് നൽകുന്ന ഗുണഭോക്താക്കൾ കൃഷി വകുപ്പിൽ നിന്നും ഈ ഇനത്തിൽ തുക കൈപ്പറ്റിയിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ കൃഷി വകുപ്പിൽ നിന്നും ഇത്തരത്തിൽ ആനുകൂല്യം നൽകിയിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2 സർക്കാർ ഉത്തരവ്(കൈ) 22/18 തസ്വഭവ തി. 14.2.18 ഖ.6.1 പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് ആനുകൂല്യം കൈപ്പറ്റുന്ന കർഷകർ വിള ഇൻഷ്വറൻസ് മുൻകൂറായി അടച്ച് രശീതി വാങ്ങി സൂക്ഷിക്കാൻ നിർദേശിച്ചിരുന്നു.എന്നാൽ ഫയലിൽ കർഷകർ വിള ഇൻഷ്വറൻസ് മുൻകൂറായി അടവാക്കിയ രശീതി സൂക്ഷിച്ചിട്ടില്ല.

3 പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നമ്പർ 2/18.1.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-19 ന്യൂട്രിമിക്സ് വിതരണം- ഭക്ഷ്യ സുരക്ഷ ഉറപ്പാക്കേണ്ടതാണ്.

ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണം നടത്തിയ ന്യൂട്രിമിക്സ് വിതരണം സംബന്ധിച്ച പ്രോജെക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജെക്ട് നമ്പർ /പേര്

19/അനുപൂരക പോഷകാഹാരം-ശിശു വിഹാർ കുട്ടികൾക്കുള്ള പോഷകാഹാരം (സബല)

ചെലവ് -18,80094രൂപ- വികസനഫണ്ട്

12,65,000രൂപ-ധനകാര്യ കമ്മീഷൻ അവാർഡ്

1,50,000 രൂപ-കേന്ദ്രാവിഷ്കൃത ഫണ്ട്.

21/പട്ടികജാതി വിഭാഗക്കാർക്കുള്ള അനുപൂരക പോഷകാഹാരം -ശിശുവിഹാർ കുട്ടികൾ പോഷകാഹാരം (സബല)

3,00,000രൂപ -വികസനഫണ്ട് എസ് സി പി

മേൽ പ്രോജെക്ടിൽ ന്യൂട്രിമികിസ് വിതരണം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു,

1 ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചില്ല.

പഞ്ചായത്തിൽ ന്യൂട്രിമിക്സ് ഓഡിറ്റ് വർഷത്തിൽ വിതരണം ചെയ്ത സ്വപ്നം കുടുംബശ്രീ യൂനിറ്റ് പുഴക്കാട്ടിരി,ആനന്ദം ന്യൂട്രിമിക്സ് കവളമുക്കട്ട, ,ന്യൂട്രിമാം വിതരണം ചെയ്ത ഹെൽത്തി ആന്റ് സ്വാദിഷ് ന്യൂട്രിമിക്സ് കാളികാവ്, ഗ്രാവിപ്രോ വിതരണം ചെയ്ത സമൃദ്ധം ന്യൂട്രിമിക്സ് പാങ്ങ് എന്നീ സ്ഥാപനങ്ങളെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കുകയും സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടില്ല.ആയത് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

2 ലാബ് പരിശോധനാറിപ്പോർട്ട് ലഭ്യമാക്കിയില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐസിഡിഎസ് ബി 3/312/10തി.18.12.10 കത്ത് പ്രകാരം 2മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രോഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദേശിച്ചിരുന്നു. ന്യൂട്രിമിക്സ് ഗുണനിലവാര പരിശോധനാ റിപ്പോർട്ട് 28.3.22 തിയതി ഒഴികെയുള്ളത് ഫയലിനോടൊപ്പം ലഭ്യമാക്കിയില്ല.മുഴുവൻ ലാബ് പരിശോധനാ റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നമ്പർ 23/21-22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.അപാകതകൾ പരിഹരിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. അംഗനവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരവും കൈകാര്യം ചെയ്യുന്നതിലെ ശുചിത്വവും ഗ്രാമ പഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

## 1-20 വളപുരം ഗവ.യുപിസ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ -അപാകതകൾ പരിഹരിക്കേണ്ടതാണ്.

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ ഗവ. യു പി സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ എന്ന പ്രോജെക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജെക്ട് നമ്പർ/ പ്രോജെക്ടിന്റെ പേര് | 27/വളപുരം ഗവ. യു പി സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 4,50,000 രൂപ-മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| ചെലവ് | 4,49,500 രൂപ<br>ബിൽ നമ്പർ 188/26.11.21 |

വളപുരം ഗവ.സ്കൂളിലേക്ക് ടെണ്ടർ നടപടിയിലൂടെ ക്യൂൻസ് ഇൻറ്റീരിയേഴ്സ് പുലാമന്തോൾ എന്ന സ്ഥാപനത്തിൽ നിന്നും സ്റ്റീൽ ഫ്രെയ്മ്ഡ് വുഡൻ ബഞ്ച് ആന്റ് ഡെസ്ക്ക് (14,500 രൂപ വിലയുള്ളത് 31സെറ്റ് ) വാങ്ങിയിട്ടുണ്ട്.ആകെ ചെലവ് 4,49,500 രൂപ. (ഇൻവോയ്സ് നമ്പർ 005/22.11.21).മേൽ പ്രോജെക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ടെണ്ടർ ഫോറം വില ഒഴിവാക്കി കൊടുത്തിട്ടുണ്ട്.

1ഹായ് ട്രേഡേഴ്സ് ഈരാറ്റുപേട്ട

2 മീനച്ചിൽ വുഡ് ആർട്ട് ഈരാറ്റുപേട്ട

എന്നാൽ ഫയലിനോടൊപ്പം ജില്ലാ വ്യവസായ ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

2 സ്റ്റോക്ക് രജിസ്റ്ററിൽ ഫർണിച്ചർ വാങ്ങിയ കടയുടെ പേര് ,ഇൻവോയ്സ് നമ്പർ/തിയതി ,ഫർണിച്ചറിന്റെ സ്പെസിഫിക്കേഷൻ,വില എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3 ഫർണിച്ചർ നമ്പറിട്ടു സൂക്ഷിച്ചിട്ടില്ല.

4 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നമ്പർ 11/21-22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകുകയും 23.1.2023ന് സ്കൂൾ സന്ദർശിക്കുകയും ചെയ്തു. അപാകതകൾ പരിഹരിക്കുമെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

## 1-21 ലൈഫ് ഭവനപദ്ധതി -സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്

2021-22 വർഷത്തിൽ ലൈഫ് ഭവനപദ്ധതി പ്രകാരം താഴെ പറയുന്ന പ്രോജെക്ടുകൾ ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമനമ്പർ | പ്രോജെക്ട് നമ്പർ | പ്രോജെക്ടിന്റെ പേര് | ചെലവ് | ഫണ്ട് |
|---|---|---|---|---|
| 1 | 147 | ലൈഫ് ഭവനപദ്ധതി പട്ടികജാതി(SO) | 45,542 | തനത് ഫണ്ട് |
| 2 | 15 | ലൈഫ് മിഷൻ പദ്ധതി<br>ജനറൽ | 1480000 | വികസന ഫണ്ട്<br>എസ് സി പി |
| | | | 500000 | സംസ്ഥാനാവിഷ്കൃത ഫണ്ട് |
| | | | 2000000 | ബ്ലാക്ക് പഞ്ചായത്ത് വിഹിതം |
| | | | 560000 | ജില്ലാ പഞ്ചായത്ത വിഹിതം |
| | | | 840000 | ലോൺ |
| 3 | 146 | ലൈഫ് ഭവനപദ്ധതി<br>ജനറൽ (SO) | 7243 | വികസനഫണ്ട് |

| | | | | |
|---|---|---|---|---|
| | | | 64000 | ബ്ലോക്ക് പഞ്ചാ.ത്ത വിഹിതം |
| | | | 1660000 | ലോൺ |
| 4 | 39 | ലൈഫ് മിഷൻ പദ്ധതി എസ് സി | 1500000 | വികസന ഫണ്ട് എസ് സി പി |
| | | | 3280000 | സംസ്ഥാനാവിഷ്കൃത ഫണ്ട് |
| | | | 520000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | | | 2720000 | ജില്ലാ പഞ്ചായത്ത് വിഹിതം |
| | | | 320000 | ലോൺ |

ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ആകെ ഗുണഭോക്താക്കൾ കരാർ വെച്ചത് | ഭവനനിർമ്മാണം പൂർത്തീകരിച്ചവരുടെ എണ്ണം | ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ളവരുചെ എണ്ണം |
|---|---|---|---|
| 147ലൈഫ് ഭവനപദ്ധതി എസ് സി (So) | 11 | 6 | 5 |
| 15ലൈഫ് മിഷൻ പദ്ധതി ജനറൽ | 8 | 1 | 7 |
| 39ലൈഫ് ഭവനപദ്ധതി എസ് സി | 40 | 18 | 22 |
| 146ലൈഫ് ഭവനപദ്ധതി ജനറൽ(so) | 25 | 19 | 6 |

ലൈഫ് ഭവനപദ്ധതി സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1 ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2 ലൈഫ് ഭവനപദ്ധതി സംബന്ധിച്ച രജിസ്റ്ററുകൾ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

3 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

## 1-22 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ -പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

പുലാമന്തോൾ ഗ്രാമ പഞ്ചായത്തിലെ 13 ാം വാർഡിൽ കുരുവമ്പലത്താണ് ഗ്രാമ പഞ്ചായത്ത് ബഡ്സ് സ്കൂൾ ആന്റ് റീഹോബിലിറ്റേഷൻ സെന്റർ സ്ഥിതി ചെയ്യുന്നത്.2022 ജൂണിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ബഡ്സ് സ്കൂൾ ആന്റ് റീഹാബിലിറ്റേഷൻ സെന്റർ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.രജിസ്റ്റർ പ്രകാരം 20 കുട്ടികളും ജീവനക്കാരായി ഒരു ടീച്ചറും ഒരു ആയയുമാണ് നിലവിലുള്ളത്.23.1.2023 ന് ബിആർസിയിൽ സ്ഥലപരിശോധന നടത്തിയിരുന്നു.ആയതിന്റെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് സാമൂഹ്യ നീതി വകുപ്പിന്റെ അംഗീകാരം നേടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ വരുന്ന കുട്ടികളുടെ എണ്ണം കുറവാണ്. ശരാശരി പതിനഞ്ചോളം കുട്ടികൾ

മാത്രമാണ് വരുന്നത്. വാഹനത്തിന്റെ അഭാവം കൂടുതൽ കുട്ടികൾ സെന്ററിൽ എത്തുന്നതിന് തടസ്സം ഉണ്ടാക്കുന്നു.കൂടാതെ 2021-22 വർഷത്തിൽ കുട്ടികൾക്ക് ഭക്ഷണം നല്കാനുള്ള പ്രോജെക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

3 ബഡ്സ് റീഹാബിലിറ്റേഷൻ ആന്റ് വൊക്കേഷണൽ ട്രെയിനിംഗിന് സ്ഥലം ലഭ്യമാണെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

4 ബഡ്സ് സ്കൂൾ ആന്റ് റീഹാബിലിറ്റേഷൻ സെന്ററിന് സ്ഥിരമായി തെറാപ്പിസ്റ്റും കൗൺസിലറും ലഭ്യമല്ലാത്തത് രോഗനിർണയത്തിനും ചികിത്സക്കും തടസ്സം ഉണ്ടാക്കുന്നുണ്ട്.വിദഗ്ധരുടെ സാന്നിധ്യം ഉറപ്പു വരുത്തേണ്ടതാണ്.

5 പ്രോജെക്ട് നമ്പർ 290/22 പ്രകാരം ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണഉദ്യോഗസ്ഥയായി കേരള ഇലക്ട്രോണിക് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും 5,59,900രൂപയുടെ ഉപകരണങ്ങൾ ബിആർസിയിലേക്ക് വാങ്ങിയിട്ടുണ്ട്.ഇൻവോയ്സ് നമ്പർ PR/196/21-22 തി.28.2.22പ്രകാരം വാങ്ങിയ എല്ഡബോ ക്രച്ചസ്,സ്പീച്ച് തെറാപ്പി മാറ്റ്,കോമ്മോഡ് ചെയർ എന്നിവ ബി ആർസി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

ബി ആർ സി സംബന്ധിച്ചുള്ള 7.2.2018 ലെ സ.ഉ(എംഎസ്) നം 20/2018/തസ്വഭവ ഉത്തരവിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്. കുടുംബശ്രീ ജില്ലാ മിഷനും ഗ്രാമ പഞ്ചായത്തും ബഡ്സ് സ്കൂൾ ആന്റ് റീഹാബിലിറ്റേഷൻ സെന്ററിൽ പരിശോധനകൾ നടത്തുകയും സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-23 ഡെപ്പോസിറ്റ് -വിനിയോഗ വിവരം ലഭ്യമാക്കണം

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

ഓഡിറ്റ് വർഷം വിവിധ ഏജൻസികൾക്ക് മുൻകൂർ ഡെപ്പോസിറ്റ് ആയി തുക നല്കിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരം താഴെക്കൊടുക്കുന്ന ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 313/22-നീലു കാവ് കുടിവെ ള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 22100958/24.2.22-1188300<br>22101034/8.3.22-11700 | 1200000 | 1200000 | പൂർത്തീകരിച്ചിട്ടില്ല U/c ലഭ്യമാക്കിയിട്ടില്ല | 0 |
| കെ.എസ്.ഇ.ബി. | 237/22-പി.എച്ച്.സി റോട്ടിലെ ഇലട്രിക്ക് ലൈൻ മാററൽ | 22101105/24.3.22 | 13747 | 13747 | പൂർത്തീകരിച്ചിട്ടില്ല U/c ലഭ്യമാക്കിയിട്ടില്ല | 0 |
| SSA | 2/22 -എസ്.എസ്.എ വിഹിതം | 8/21-22/4.6.21 | 400000 | 400000 | U/c ലഭ്യമാക്കിയിട്ടില്ല | 0 |
| ജില്ലാ പഞ്ചായത്ത്/ | 308/22-RGSA കെട്ടിടത്തിന് ജില്ലാപഞ്ചായത്തിന് തുക നൽകൽ | 13/21-22/26.2.22 | 160000 | 160000 | U/c ലഭ്യമാക്കിയിട്ടില്ല | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 235/22-PMAY വിഹിതം | 9/21-22/15.2.22-26457<br>22101064/15.3.22-43543 | 70000 | 70000 | U/c ലഭ്യമാക്കിയിട്ടില്ല | 0 |
| MGNREGS പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് | 287/22-പാറക്കടവ് അംഗനവാടി നിർമ്മാണം തുക കൈമാറൽ- | 22100945/17.2.22-290000<br>22100944/17.2.22-210000 | 500000 | 500000 | U/c ലഭ്യമാക്കിയിട്ടില്ല | 0 |

| | | | | | | |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 314/22-വൃക്ക് രോഗികൾക്ക് ഡയാലിസിസ് തുക നൽകൽ | 22100937/17.2.22 | 104000 | 104000 | U/c ലഭ്യമാക്കിയിട്ടില്ല | 0 |
| | | ആകെ | | 2447747 | | |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം:3/21-22/18.1.23 )സമർപ്പിച്ച് മറുപടിയിൽ ബന്ധപ്പെട്ട ഏജൻസികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാവുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് .ഉടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.തുക തടസ്സപ്പെടുത്തുന്നു.

## 1-24 പൊതു ടാപ്പുകൾ -സംയുക്ത പരിശോധന നടത്തണം

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 201 എണ്ണം പൊതു ടാപ്പുകൾക്ക് പ്രതിമാസം വാട്ടർ അതോറിറ്റിക്ക് 92343/-രൂപ നൽകിവരുന്നു .എന്നാൽ പഞ്ചായത്തിൽ ഇവയിൽ ഏതെല്ലാം ഉപയോഗയോഗ്യമാണെന്നും ,ഉപയോഗിക്കുന്നുണ്ടെന്നും കൃത്യമായ വിവരം രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.പഞ്ചായത്തും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയതായി രേഖകൾ ലഭ്യമാല്ല.
സർക്കാർ ഉത്തരവ് പ്രകാരം ഉപയോഗ പ്രദമല്ലാത്തവ പരിശോധന നടത്തി ഒഴിവാക്കുന്നതിനും ആവശ്യമായവ മാത്രം നിലനിർത്താനം നിർദ്ദേശമുള്ളതാണ്. ജലജീവൻ മിഷൻ നിലവിൽ വന്ന സാഹചര്യത്തിൽ പൊതു ടാപ്പുകൾ (എസ്.സി ഒഴികെയുള്ളവ )ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് . ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം:4/21-22/18.1.23 )സമർപ്പിച്ച് മറുപടിയൽ KWA കത്ത് നൽകിയിട്ടുണ്ടെന്നും പരിശോധന നടക്കുന്ന മുറയ്ക്ക് മറുപടിസമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്

## 1-25 തെരുവ് വിളക്ക് -സംയുക്ത പരിശോധന സബന്ധിച്ച്

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

പഞ്ചായത്ത് നിലവിൽ തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് ഇനത്തിൽ 77484/-രൂപ (ഹൈമാസ്റ്റ് ഒഴികെ ) പ്രതിമാസം കെ.എസ്.ഇ.ബി യുടെ ഡിമാന്റ് അനുസരിച്ച് അടവാക്കി വരുന്നുണ്ട് .താഴെപ്പറയുന്ന വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്
1.പഞ്ചായത്തിൽ വൈദ്യുതി ലൈനുകളിൽ മീറ്ററിങ് സംമ്പ്രദായം പൂർണ്ണമായും നടപ്പിലാക്കിയതിന്റെ വിവരം
2.കെ.എസ്.ഇ.ബി യുടെ വിശദായ ഡിമാന്റ് വിവരം (ആകെ തെരുവ് വിളക്കുകളുടെ എണ്ണം )
3.ഇലക്ട്രിക്ക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തിയിട്ടുണ്ടോ എന്നുള്ള വിവരം
4.പുതിയ ലൈറ്റുകൾക്ക് ഗ്യാരന്റിയുള്ളതിനാൽ സേവന ദാദാക്കളുമായി എത്തരത്തിലാണ് കരാർ ചമച്ചിട്ടുള്ളത് എന്നത്
5.ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ വിവരം സംബന്ധിച്ച രജിസ്റ്റർ അപൂർണ്ണമാണ്

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം:7/21-22/19.1.23 )സമർപ്പിച്ച് മറുപടിയിൽ KSEB യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാവുന്ന മുറയ്ക്ക് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രജിസ്റ്ററുകൾ പൂർണ്ണമാക്കി സൂക്ഷിക്കുന്നതിനും നിർദ്ദേശിക്കുന്നു.

## 1-26 പുഞ്ചക്കുഴി കുളം നവീകരണം -ഓഡിറ്റ് പരാമർശം-18404/- രൂപ തിരിച്ചടവാക്കി.

അസി. എൻജിനീയർ നിർവ്വഹണം നടത്തിയ പുഞ്ചക്കുഴി കുളം നവീകരണം ഘട്ടം-2 എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി D R Masonry -ക്ക് പോയിന്റിംഗ് ചെയ്തിട്ടുണ്ട് ചെയ്തിട്ടുണ്ട് (ഇനം 9). ആയതിന് DAR - ലെ Code 13.33.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ആയത് Raised And Cut ചെയ്യുന്നതിനുള്ള നിരക്ക് ആണ്. മേൽ പ്രവൃത്തിയിൽ Flush/ Ruled Pointing ആണ് ചെയ്തിട്ടുള്ളത്. Flush/ Ruled Pointing ചെയ്യുന്നതിന് DAR - ലെ Code 13.33.1 പ്രകാരമുള്ള നിരക്കാണ് അനുവദിനീയമായത്.
മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (12/19.01.2023) അടിസ്ഥാനത്തിൽ അധികം നൽകിയ 18404/- രൂപ 24.01.2023-ലെ 1220107916/ G100707 രൂപ തിരിച്ചടവാക്കി.

## 1-27 ഹോമിയോ ഡിസ്പൻസറി യിലേക്ക് ഫർണ്ണിച്ചർ-അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്ട് നം: | 307/22-ഹോമിയോ ഡിസ്പൻസറി യിലേക്ക് ഫർണ്ണിച്ചർ | അടങ്കൽ/ഫണ്ടിനം | 450000 (MNNR ) |

| | | | |
|---|---|---|---|
| പേര് | | | |
| ചെലവ് | 433568/- | ബിൽ നം: /തീ: | 19/21-22 /27.322 |
| കോൺട്രാക്ട് | അക്രഡിറ്റഡ് ഏജൻസി -ARTCO ,തൃശ്ശൂർ , | എഗ്രിമെന്റ് | 6/21-22 /16.2.22 |

1. GST ഒഴികെയുള്ള തുകയുടെ 2% TDS നിർവ്വഹണോദ്ധ്യോഗസ്ഥൻ നടത്തിയിട്ടില്ല (379818/- രൂപയുടെ 2% 7596/-രൂപ )
2. ആദായ നികുതി 2% ഈടാക്കിയിട്ടില്ല (1% 4490/- ഈടാക്കിയിട്ടുണ്ട് - PAN NO: AAAAA2064P)

3.സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

ബിൽ വിവരം ചുവടെ ചേർക്കുന്നു

ഇൻവോയ്സ് (നമ്പർ :747/17.3.22 )

| | |
|---|---|
| ബിൽ തുക (ടാക്സ് ഉൾപ്പെടാതെ ) | -379818.09 |
| ടാക്സ് ( Gst) | -68367.26 |
| ആകെ | -448185.00 |
| (-)IT 1% | -4490.00 |
| ARTCOയ്ക്ക് നൽകിയത് | -429078.00 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം:17/21-22/20.1.23 )സമർപ്പിച്ച് മറുപടിയൽ ബന്ധപ്പെട്ട ഏജൻസികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാവുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് .തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്

## 1-28 ഇ ടെൻഡർ- ടെൻഡർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

അസി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ മരാമത്ത് പ്രവർത്തികളുടെ ടെൻഡർ ഫീ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പുലാമന്തോൾ ബ്രാഞ്ചിലെ 37269219626 നമ്പർ അക്കൗണ്ടിലാണ് ലഭിക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ ടെൻഡർ ഫീ ഇനത്തിൽ 2017-18 മുതൽ ലഭിച്ചിട്ടുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. ആയതുമായി ബന്ധപ്പെട്ട് അസി.എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ അക്കൗണ്ട് മരവിപ്പിച്ച അവസ്ഥയിലാണ് എന്നും, ആയത് പ്രവർത്തനക്ഷമമാക്കുന്നതിന് 06.12.2022-ന് ബാങ്കിന് കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്. കൂടാതെ സ്റ്റേമെന്റ് ലഭ്യമാക്കാൻ കഴിയുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്.

അക്കൗണ്ട് മരവിപ്പിച്ച അവസ്ഥയിലാണെങ്കിൽ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതും, ടെൻഡർ ഫീ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-29 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്.

അസിസ്റ്റന്റ് എഞ്ചിനിയർ 2021-22 ൽനടപ്പാക്കിയ പ്രൊജക്റ്റുകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണം, പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു

1. പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 125 പ്രൊജക്റ്റുകളാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 100 പ്രൊജക്റ്റുകളാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ പദ്ധതി | 125 |
| നടപ്പിലാക്കിയത് | 100 |
| നടപ്പിലാക്കാത്തത് | 25 |
| ആകെ അടങ്കല് | 32964577 |
| ചെലവ് | 26439795 |
| ചെലവ് ശതമാനം | 80 % |

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്. റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തിന്റെ പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

മേൽ പരാമർശങ്ങൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 കുടിവെള്ള/ ജലസേചന പദ്ധതികളിൽ പുതിയ പമ്പ് സെറ്റ് സ്ഥാപിക്കൽ- തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

അസി. എൻജിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രൊജക്ടുകൾ പ്രകാരം കുടിവെള്ള/ ജലസേചന പദ്ധതികളിലെ കോട്ടുപാടുകൾ സംഭവിച്ചതോ, ഉപയോഗശൂന്യമായതോ ആയ പമ്പ് സെറ്റുകൾ മാറ്റി പുതിയവ സ്ഥാപിച്ചിട്ടുണ്ട്. പ്രൊജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ര.ന | കുടിവെള്ള പദ്ധതി/ പ്രൊജക്റ്റിന്റെ വിവരം | പുതിയ പമ്പ് സെറ്റിന്റെ Hp | പഴയ പമ്പ് സെറ്റിന്റെ വിവരം |
|---|---|---|---|
| 1 | ചാമകുണ്ട് കുടിവെള്ള പദ്ധതി (230/22), Rs. 95662/-, Vr.114/21-22/30.03.22 | 3 Hp | ലഭ്യമല്ല |
| 2 | ചീരട്ടാമണ്ണ കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങൽ (306/22), Rs. 40000/-, Vr.101/21-22/27.03.22 | 4 Hp | ലഭ്യമല്ല |
| 3 | ചെമ്മല കുടിവെള്ള പദ്ധതിക്ക് പമ്പ് വാങ്ങൽ (128/22) Rs. 320000/-, Vr.31/21-22/05.01.22 | 20 Hp | ലഭ്യമല്ല |
| 4 | T N പുരം ലിഫ്റ്റ് ഇറിഗേഷൻ (193/22) Rs. 95566/-, Vr.118/21-22/31.03.22 | 10 Hp | ലഭ്യമല്ല |

പമ്പ് സെറ്റുകൾ മാറ്റി സ്ഥാപിക്കലുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള പരാമർശങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1. കോട്ടുപാടുകൾ സംഭവിച്ചതോ/ ഉപയോഗശൂന്യമായതോ ആയ പഴയ പമ്പ് സെറ്റുകൾ സമ്പന്ധിച്ച വിവരം ലഭ്യമല്ല. പഴയ പമ്പ് സെറ്റുകൾ സെക്രട്ടറിക്ക് കൈമാറാൻ നടപടി സ്വീകരിക്കേണ്ടതും, സെക്രട്ടറി ആയത് വിൽപ്പന നടത്തി തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്.
2. പുതിയ പമ്പ് സെറ്റുകളുടെ ഗ്യാരന്റി/ വാറന്റി സമ്പന്ധിച്ച രേഖകളുടെ പകർപ്പുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

[മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/20.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-31 കിണറിന് നെറ്റ് സ്ഥാപിക്കൽ - 2406 /- രൂപയുടെ അധിക ചെലവ്.

അസി. എൻജിനീയർ നിർവ്വഹണം നടത്തിയ വേങ്ങാട്ടുപള്ളിയാലിൽ പൊതു കിണർ നവീകരണം [225/22] എന്ന പ്രൊജക്റ്റിൽ ഉൾപ്പെടുത്തി ഇനം 7 ആയി കിണറിന് നെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്. ആയതിൻ DSR-2018 ഇനം 9.48.1 പ്രകാരമുള്ള നിരക്കാണ് നൽകിയിരിക്കുന്നത്. DSR ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 9 ഹെഡിൽ Wood & PVC പ്രവൃത്തികളാണ് പൊതുവായി ഉൾപ്പെടുന്നത്. കൂടാതെ കെട്ടിടങ്ങളുടെ ജനൽ, വാതിൽ ,ഫ്രെയിം, ഷട്ടർ, ഫാൾസ് സീലിംഗ്, കെട്ടിടത്തിന്റെ മറ്റ് ഇന്റീരിയർ പ്രവൃത്തി എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ് 9 ഹെഡിൽ ഉൾപ്പെട്ടിട്ടുള്ളത്. 9.48 എന്ന ഇനം പ്രവൃത്തി കെട്ടിടങ്ങളുടെ ജനലുകൾക്ക് MS Grill സ്ഥാപിക്കുന്നത് മാത്രമാണ് പ്രതിപാദിക്കുന്നത് എന്ന് ഡാറ്റയിൽ നിന്ന് വ്യക്തവുമാണ്. [Providing And Fixing M.S. Grills Of Required Pattern In

Frames Of Windows Etc. With M.S. Flats, Square Or Round Bars Etc. Including Priming Coat With Approved Steel Primer All Complete].

DSR ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം ഇനം 10 ആണ് സ്റ്റീൽ പ്രവൃത്തിയുടെ നിരക്കുകൾ പ്രതിപാദിക്കുന്നത്. DSR ഇനം 10.25.2 ൽ പരാമർശിക്കുന്ന പ്രവൃത്തികളുടെ വിവരണം Steel Work Welded In Built Up Sections/ Framed Work, Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer Using Structural Steel Etc. As Required എന്നതാണ്. In Gratings, Frames, Guard Bar, Ladder, Railings, Brackets, Gates And Similar Worksഎന്നതിൽ Gratings എന്ന ഇനം കിണർ നെറ്റ് പ്രവൃത്തിക്ക് സമാനമായതിനാൽ കിണർ നെറ്റ് സ്ഥാപിക്കുന്നതിന് 10.25.2 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് എന്ന് വ്യക്തവുമാണ്. തെറ്റായ പ്രവൃത്തി ഇനം അനുവദിച്ച് നൽകുക വഴി താഴെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| അടങ്കൽ/ ചെലവ് | 200000/159528 |
| കോൺണ്ടാക്ടർ | Bilshad |
| കരാർ നമ്പര് | AE/LSGD/PML/48/21-22/20.01.2022 (Below 20%) |
| എം ബുക്ക് | 11/22 |
| TS No | LSGD/TS/2021-22/70521/31.12.2022 [Cl 36.44%] |
| വൗച്ചർ | 123/2021-22/31.03.2022 |
| ഇനം 7 | നൽകിയ തുക = 10341/- [DSR Item 9.48.1 @ 156.63*66.02 Kg] |
| [9.48.1 Esti Rate-195.79/kg | നൽകാവുന്ന തുക = 8193/- [DSR Item 10.25.2 @ 124.10* 66.02 Kg] |
| 10.25.2 Esti Rate-155.13/kg] | അധികം നൽകിയ തുക = 2406/- [Ie, 2148 + 12% GST] |

അധികം നൽകിയ തുക2406 /- രൂപ അളവെടുത്ത അസി. എൻജിനീയറിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

[മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/19.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-32 പൊട്ടിപ്പാറ അംഗണവാടി നിർമ്മാണം- ഗുണഭോക്തൃ സമിതികൾക്ക് അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളില്, GST നിലവിൽ വന്നശേഷം വാറ്റ് ഒടുക്കേണ്ടതില്ലാത്തതിനാൽ ബിൽ തുക നൽകുമ്പോൾ എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജ് ഇനത്തിൽ ഉൾപ്പെടുത്തിയ 7.5 ശതമാനത്തിൽ നിന്നും 5% തുക കുറവ് ചെയ്യേണ്ടതാണ് എന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 തിയ്യതിയിലെ ഡി.ബി3-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ നിലവിൽ ജി.എസ്.ടി അടവാക്കുന്നതിനുള്ള 12% തുക മൂല്യ നിർണ്ണയ തുകയോട് കൂട്ടി നൽകുകയും (GST Compensation) ചെയ്തിട്ടുണ്ട്. ആയതിനാൽ ഓവർഹെഡ് ചാർജ് ഇനത്തിൽ ഉൾപ്പെടുത്തിയ തുകയിൽ നിന്നും 5% കുറവ് ചെയ്താണ് ബിൽ നൽകേണ്ടിയിരുന്നത്. ആയത് കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചത് ക്രമ പ്രകാരമല്ല. അധിക ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | പൊട്ടിപ്പാറ അംഗണവാടി നിർമ്മാണം [177/22] |
| അടങ്കൽ/ ചെലവ് | 1050000/ 284137 |
| ടി എസ് | LSGD/TS/2019-20/94785/07.12.2019 (Cl 31.06%) |
| കരാർ | AE/LSGD/PML/110/2019-20/27.01.2020 |
| എം ബുക്ക് | 66/ 2020 (3 Nos) |
| കൺവീനർ | ഗീത എം.കെ |
| വൗച്ചര് നമ്പർ | 30/21-22/15.11.2021 |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക | 284137/- |
| നൽകാവുന്ന തുക [5% കുറവ് ചെയ്ത്] | 270921/- |
| അധികം | 13216/- [Ie, 284137*5/107.5] |

കൺവീനർക്ക് അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകിയത് മൂലം 13216/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അധികം നൽകിയ തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

[മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/19.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-33 ഞെളിയത്ത് കുളമ്പ് അംഗൻവാടി നിർമ്മാണം- ഗുണഭോക്തൃ സമിതികൾക്ക് അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളില്, GST നിലവിൽ വന്നശേഷം വാറ്റ് ഒടുക്കേണ്ടതില്ലാത്തതിനാൽ ബിൽ തുക നൽകുമ്പോൾ എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജ് ഇനത്തിൽ ഉൾപ്പെടുത്തിയ 7.5 ശതമാനത്തിൽ നിന്നും 5% തുക കുറവ് ചെയ്യേണ്ടതാണ് എന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 തിയ്യതിയിലെ ഡി.ബി3-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ നിലവിൽ ജി.എസ്.ടി അടവാക്കുന്നതിനുള്ള 12% തുക മൂല്യ നിർണ്ണയ തുകയോട് കൂട്ടി നൽകുകയും (GST Compensation) ചെയ്യിട്ടുണ്ട്. ആയതിനാൽ ഓവർഹെഡ് ചാർജ് ഇനത്തിൽ ഉൾപ്പെടുത്തിയ തുകയിൽ നിന്നും 5% കുറവ് ചെയ്താണ് ബിൽ നൽകേണ്ടിയിരുന്നത്. ആയത് കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചത് ക്രമ പ്രകാരമല്ല. അധിക ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | ഞെളിയത്ത് കുളമ്പ് അംഗൻവാടി നിർമ്മാണം [108/22] |
| അടങ്കൽ/ ചെലവ് | 1300000/ 1269511 |
| ടി എസ് | LSGD/TS/2021-22/86890/05.11.2021 (Cl 36.44%) |
| കരാർ | AE/LSGD/PML/12/2021-22/11.05.2021 |
| എം ബുക്ക് | 335/ 2021 |
| കൺവീനർ | ഷാഹിത |
| വൗച്ചര് നമ്പർ | Rs. 800000/- Vr No. 89/2021-22/24.03.2022<br>Rs. 469511/- Vr No. 127/2021-22/31.03.2022 |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക | 1269511/- |
| നൽകാവുന്ന തുക [5% കുറവ് ചെയ്ത്] | 1210464/- |
| അധികം | 59047/- [Ie, 1269511*5/107.5] |

കൺവീനർക്ക് അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകിയത് മൂലം 59047/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അധികം നൽകിയ തുക ബിൽ തുക നൽകിയ അസി.എൻജിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

[മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/19.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-34 കോൺക്രീറ്റ് റോഡ് കട്ട് ചെയ്യുന്നതിന് തെറ്റായ നിരക്ക് നൽകി- 19249 /- രൂപയുടെ അധിക ചെലവ്.

അസി. എൻജിനീയർ നിർവ്വഹണം നടത്തിയ ചെമ്മലശ്ശേരി പള്ളിയാൽ കുളമ്പ് അഴുക്ക്ചാൽ നിർമ്മാണം [301/22] എന്ന പ്രൊജക്ടിൽ അഴുക്ക്ചാൽ നിർമ്മിക്കുന്നതിന് വേണ്ടി 123 മീറ്റർ നീളത്തിൽ ഒരു മീറ്റർ വീതിയിലും 0.15 മീറ്റർ ആഴത്തിലുമായി കോൺക്രീറ്റ് റോഡ് കട്ട് ചെയ്തിട്ടുണ്ട് (ഇനം 1). ആയതിന് DAR 2018- ലെ Code 15.3 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത് (കുറിപ്പ്: Mord 2018-ൽ അനുയോജ്യമായ സ്പെസിഫിക്കേഷൻ ഇല്ലാത്തതിനാൽ മേൽ ഇനത്തിന് DAR പ്രകാരമുള്ള നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്). 2018- ലെ Code 15.3 എന്നത് Reinforced Cement Concrete (RCC) കട്ട് ചെയ്യുന്നതിനുള്ള നിരക്ക് ആണ്. റോഡുകൾ ഉൾപ്പടെയുള്ള കോൺക്രീറ്റുകൾ (PCC) കട്ട് ചെയ്യുന്നതിന് DAR 2018- ലെ Code 15.2.1 പ്രകാരമുള്ള നിരക്കാണ് അനുവദിനീയമായത്. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| അടങ്കൽ/ ചെലവ് | 750000/747660 |
| കോൺട്രാക്ടർ | ബിൽഷാദ് |
| കരാർ നമ്പര് | AE/LSGD/PML/68/21-22/03.03.2022 (Estimate Rate) |
| എം ബുക്ക് | 246/2021-22 |
| TS No | LSGD/TS/2021-22/80513/02.02.2022 [Cl 36.44%] |
| വൗച്ചർ | 126/2021-22/31.03.2022- 6211581 രൂപ |
| കോൺക്രീറ്റ് റോഡ് കട്ട് ചെയ്യൽ(ഇനം 1) | നൽകിയ തുക = 54642/- [DAR 2018-Code 15.3 @ 3002.29 * 18.2 $M^3$] |

| | |
|---|---|
| | നൽകാവുന്ന തുക = 37455/- [DAR 2018-Code 15.2.1 @ 2057.99 * 18.2 $M^3$] |
| | അധികം നൽകിയ തുക = 19248/- [Ie, 17187 + 12% GST] |

അധികം നൽകിയ തുക 19249 /- രൂപ ടി എസ് നൽകിയ അസി. എക്സിക്യൂട്ടീവ് എൻജിനീയർ, അളവ് എടുത്ത അസി. എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. (ഖണ്ഡിക 3-1 കൂടി കാണുക)

[മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/19.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല]

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കോൺക്രീറ്റ് റോഡ് കട്ട് ചെയ്യുന്നതിന് തെറ്റായ നിരക്ക് നൽകി- 19249 /- രൂപയുടെ അധിക ചെലവ്.

അസി. എൻജിനീയർ നിർവ്വഹണം നടത്തിയ ചെമ്മലശ്ശേരി പള്ളിയാൽ കുളമ്പ് അഴുക്ക്ചാൽ നിർമ്മാണം [301/22] എന്ന പ്രൊജക്ടിൽ അഴുക്ക്ചാൽ നിർമ്മിക്കുന്നതിന് വേണ്ടി 123 മീറ്റർ നീളത്തിൽ ഒരു മീറ്റർ വീതിയിലും 0.15 മീറ്റർ ആഴത്തിലുമായി കോൺക്രീറ്റ് റോഡ് കട്ട് ചെയ്തിട്ടുണ്ട് (ഇനം 1). ആയതിന് DAR 2018- ലെ Code 15.3 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത് (കുറിപ്പ്: Mord 2018-ൽ അനുയോജ്യമായ സ്പെസിഫിക്കേഷൻ ഇല്ലാത്തതിനാൽ മേൽ ഇനത്തിന് DAR പ്രകാരമുള്ള നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്). 2018- ലെ Code 15.3 എന്നത് Reinforced Cement Concrete (RCC) കട്ട് ചെയ്യുന്നതിനുള്ള നിരക്ക് ആണ്. റോഡുകൾ ഉൾപ്പടെയുള്ള കോൺക്രീറ്റുകൾ (PCC) കട്ട് ചെയ്യുന്നതിന് DAR 2018- ലെ Code 15.2.1 പ്രകാരമുള്ള നിരക്കാണ് അനുവദിനീയമായത്. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| അടങ്കൽ/ ചെലവ് | 750000/747660 |
| കോൺട്രാക്ടർ | Bilshad |
| കരാർ നമ്പർ | AE/LSGD/PML/68/21-22/03.03.2022 (Estimate Rate) |
| എം ബുക്ക് | 246/2021-22 |
| TS No | LSGD/TS/2021-22/80513/02.02.2022 [CI 36.44%] |
| വൗച്ചർ | 126/2021-22/31.03.2022 |
| കോൺക്രീറ്റ് റോഡ് കട്ട് ചെയ്യൽ(ഇനം 1) | നൽകിയ തുക = 54642/- [DAR 2018-Code 15.3 @ 3002.29 * 18.2 $M^3$] |
| | നൽകാവുന്ന തുക = 37455/- [DAR 2018-Code 15.2.1 @ 2057.99 * 18.2 $M^3$] |
| | അധികം നൽകിയ തുക = 19248/- [Ie, 17187 + 12% GST] |

അധികം നൽകിയ തുക 19249 /- രൂപ ടി എസ് നൽകിയ അസി. എക്സിക്യൂട്ടീവ് എൻജിനീയർ, അളവ് എടുത്ത അസി. എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

[മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/19.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല]

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|
| 2021-22 | 16.1.2023 മുതൽ 24.1.2023 | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്/നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 637500 | 11/22-സമഗ്ര നെൽകൃഷി | 637500 | 0 |
| | 260000 | 137/22-കാലിത്തീറ്റ പദ്ധതി | 260000 | 0 |
| | 200000 | 220/22-ആട്ട വിതരണം | 200000 | 0 |
| | 300000 | 36/22-മുട്ടക്കോഴി വളർത്തൽ | 300000 | 0 |
| | 2000000 | 15/22-ലൈഫ് മിഷൻ ജനറൽ | 2000000 | 0 |
| | 64000 | 146/22-ലൈഫ് ജനറൽ | 64000 | 0 |
| | 520000 | 39/22-ലൈഫ് മിഷൻ (എസ്.സി) | 520000 | 0 |
| | 326000 | 26/22-വയോജനങ്ങൾക്ക് കട്ടിൽ | 326000 | 0 |
| | 455400 | 22/22-സ്കോളർഷിപ്പ് | 455400 | 0 |
| | 205000 | 127/22-വളപുരം അംഗനവാടി നിർമ്മാണം | 205000 | 0 |
| | 469511 | 108/22-ഞെളിയത്ത് അംഗനവാടി | 469511 | 0 |
| ആകെ | 5437411 | | 5437411 | 0 |
| ജില്ലാപഞ്ചായത്ത് | 637500 | 11/22-സമഗ്രനെൽകൃഷി | 637500 | 0 |
| | 560000 | 15/22-ലൈഫ് ജനറൽ | 560000 | 0 |
| | 2720000 | 39/22-ലൈഫ് -എസ്.സി | 2720000 | 0 |
| | 580000 | 22/22-സ്കോളർഷിപ്പ് | 580000 | 0 |
| | 150000 | 211/22-പാലിന് സബ്സീഡി | 150000 | 0 |
| | 768620 | 224/22-കരിമ്പൻകുന്ന് സ്റ്റേഡിയം നിർമ്മാണം | 768620 | 0 |
| | 9000000 | 121/22-മാനങ്ങനാട് റോഡ് നവീകരണം | 9000000 | 0 |
| | 500000 | 13/22-പട്ടിക ജാതി | 500000 | 00 |

| | | | | |
|---|---|---|---|---|
| | | സ്കോളർഷിപ്പ് | | |
| ആകെ | 6816120 | | 6816120 | |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നല്കിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരം

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | നീലുകാവ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22000800/12.02.2022 22000805/12.02.2022 | 1200000 | 1200000 | പൂർത്തീകരിച്ച | 0 |
| | ആകെ | | 1200000 | | | |
| കെ.എസ്.ഇ.ബി. | പി.എച്ച്.സി റോട്ടിലെ ലൈൻ മാററൽ | 22000563/01.02.2022 | 13747 | 13747 | പൂർത്തീകരിച്ച | 0 |
| | ആകെ | | 13747 | 13747 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക (തൻവർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻ ബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | LIFE - KURDFC | ലഭ്യമല്ല | 2113610 | 53037293 | 4986667 | 00 | 50164236 |
| | | | | | | | |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| തൻവർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം<br>രശീതി നം. 5260 പുലാമന്തോൾ അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി(2 വർഷം) | 253305+ 19305= 272610 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 0 |

| | |
|---|---|
| ആകെ | 272610 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 272610 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പുലാമന്തോൾ അർബൻ CO-OP സൊസൈറ്റി<br>രശീതി നം : 000590 | 1.4.2022 | 6 മാസം | 272610 | - |
| ആകെ | | | | | 272610 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3050 /-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.
മേൽ തുകയിൽ 1050/-രൂപ പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടവാക്കിയത് ഹെഡ് മാറി പോസ്റ്റ് ചെയ്തതാണെന്ന് മറുപടി നൽകി .ബാക്കി 2000/-രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 3(1) | 2000 | ശ്രീ.ടോമി തോമസ്, സീനിയർ ക്ലാർക്ക് | 121040103806/20.10.21 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2001-02 | 17 | 2004-05 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി യുടെ നടപടി തുടരുന്നു |
| 2014-15 | 2(1) | 2016-17 | വസ്തു നികുതി ഈടാക്കുന്നത് | നടപടി തുടരുന്നു |
| | 2(3) | | വസ്തു നികുതി ഈടാക്കുന്നത് | നടപടി തുടരുന്നു |
| | 2(4) | | തൊഴിൽ നികുതി ഈടാക്കുന്നത് | നടപടി തുടരുന്നു |
| | 2(5) | | തൊഴിൽ നികുതി ഈടാക്കുന്നത് | നടപടി തുടരുന്നു |
| | 2(6) | | തൊഴിൽ നികുതി ഈടാക്കുന്നത് | നടപടി തുടരുന്നു |

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2015-16 | 2(3) | 2016-17 | തൊഴിൽ നികുതി ഈടാക്കുന്നത് | നടപടി തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 113263194 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 103798801 |
| വരവിനങ്ങളുടെ നഷ്ടം | 00 |
| ചെലവിനങ്ങളുടെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19249 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1283747 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്ന | |
| 3-1 | | 19249 | 1. അരുൺ, അസിസ്റ്റന്റ് എഞ്ചിനീയർ. (Rs. 9624.50)<br>2. ഷറീൻ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. (Rs. 9624.50) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 1283747 | ശ്രീ.മധുസൂധനൻ ,സെക്രട്ടറി |
| ആകെ | 1283747 | |

സി. കേന്ദ്ര-സംസ്ഥാന സർക്കാറുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/നഷ്ടത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അരുൺ, അസിസ്റ്റന്റ് എഞ്ചിനീയർ. | അസിസ്റ്റന്റ് എഞ്ചിനീയർ, പുലാമന്തോൾ ഗ്രാമ പഞ്ചായത്ത്. | കടംതോട്ടുപാടത്ത്(വീട്) ചെരക്കാപറമ്പ് |

| | | |
|---|---|---|
| | | അങ്ങാടിപ്പുറം, മലപ്പുറം ജില്ല |
| ഷറീൻ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്. | ജലാലിയം, പൂപ്പലം, വലമ്പൂർ, മലപ്പുറം- 679325 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവര | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.എം.പി.എം.27/2006/2022(3) 16-11-22 | 1 |
| 2001-02 (ചെലവ്) | കെ.എസ്.എ.എം.പി.എം.27/2006/2022(5) 16-11-22 | 1 |
| 03-04 | കെ.എസ്.എ.എം.പി.എം.27/2006/2022(7) 16-11-22 | 24 |
| 04-05 | കെ.എസ്.എ.എം.പി.എം.27/2006/2022(8) 16-11-22 | 22 |
| 05-06 | കെ.എസ്.എ.എം.പി.എം.27/2006/2022(14) 16-11-22 | 1 |
| 06-07 | കെ.എസ്.എ.എം.പി.എം.27/2006/2022(9) 16-11-22 | 5 |
| 07-08 | കെ.എസ്.എ.എം.പി.എം.27/2006/2022(10) 16-11-22 | 7 |
| 08-09 | കെ.എസ്.എ.എം.പി.എം.27/2006/2022(11) 16-11-22 | 3 |
| 09-10, 10-11 | കെ.എസ്.എ.എം.പി.എം.27/2006/2022(12) 16-11-22 | 8 |
| 11-12, 12-13 | കെ.എസ്.എ.എം.പി.എം.27/2006/2022(13) 16-11-22 | 18 |
| 13-14, 14-15 | കെ.എസ്.എ.എം.പി.എം.27/2006/2022(15) 16-11-22 | 18 |

| | | |
|---|---|---|
| 15-16 | കെ.എസ്.എ.എം.പി.എം.27/2999/16 /09.01.17 | 12 |
| 16-17 | കെ.എസ്.എ.എം.പി.എം.27/1402/17 /03.01.23 | 05 |
| 17-18 | കെ.എസ്.എ.എം.പി.എം.27/53/19 /03.01.23 | 16 |
| 18-19 | കെ.എസ്.എ.എം.പി.എം.27/12/20 /03.01.23 | 17 |
| 19-20 | കെ.എസ്.എ.എം.പി.എം.27/2111/21 /11.08.22 | 15 |
| 20-21 | കെ.എസ്.എ.എം.പി.എം.27/2112/21 /31.08.22 | 16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

annexure-3

(1)

| | Pulamanthole Grama Panchayat<br>BALANCE SHEET | | |
|---|---|---|---|
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -46140400.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br>Agency Fund | B-2 | 116590.00 |
| 312000000 | Reserves | B-3 | 133690525.00 |
| | Total Reserve & Surplus | | 87666715.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 22122202.00 |
| | Total Grants, Contributions for Specific Purposes | | 22122202.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 50164236.00 |
| | Total Loans | | 50164236.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 2438214.00 |
| 350000000 | Other Liabilities | B-9 | 3136436.00 |
| | Total Current Liabilities and Provisions | | 5574650.00 |
| | TOTAL LIABILITIES | | 165527803.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 129001608.00 |
| 411000000 | Accumulated Depreciation | B-11 | -61328364.00 |
| 412000000 | Capital Work in Progress | B-11(a) | 12836006.00 |
| | Total Fixed Assets | | 80509250.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 272610.00 |
| | Total Investments | | 272610.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1532773.00 |
| 440000000 | Pre-paid Expenses | B-16 | 50160428.00 |
| 450000000 | Cash and Bank Balance | B-17 | 27516330.00 |

(2)

| | | | |
|---|---|---|---|
| | Pulamanthole Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 8608203.00 |
| 140000000 | Fee & User Charges | I-4(b) | 1113748.00 |
| 150000000 | Sale & Hire Charges | I-5(b) | 395630.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br>Subsidies | I-6 | 156730696.00 |
| 170000000 | Income from Investments | I-7 | 19305.00 |
| 171000000 | Interest Earned | I-8 | 32442.00 |
| 180000000 | Other Income | I-9 | 13080.00 |
| | Total Income | | 166913104.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13201621.00 |
| 220000000 | Administrative Expenses | I-11(b) | 1615720.00 |
| 230000000 | Operations & Maintenance | I-12(b) | 3499983.00 |
| 240000000 | Interest & Finance Charges | I-13 | 4128.00 |
| 250000000 | Decentralised Plan Programme-Productive Sector /<br>Programme Expenses | I-14 | 11846272.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 52657447.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1624228.00 |
| 253000000 | Decentralised Plan Programme-Projects not included in<br>Sector Division | I-14(c) | 3402943.00 |
| 254000000 | Expenditures of Transfered Institutions and State Sponsored<br>Schemes (not included under Decentralized Plan Programme) | I-14(d) | 56477500.00 |
| 255000000 | Maintenance Projects | I-14(e) | 18712254.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 11138.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br>Subsidies | I-15 | 238501.00 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(a) | 7335851.00 |
| | Total Expenditure | | 170627586.00 |
| | Gross Surplus / Deficit of income over Expenditure | | -3714482.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 5153373.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -8867855.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

(3)

| | | | |
|---|---|---|---|
| | Pulamanthole Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 17991290.00 |
| Cash | Cash | RP-40(a) | 60647.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1378490.00 |
| 140000000 | Fees & User Charges | RP-4 | 795283.00 |
| 150000000 | Sale & Hire Charges | RP-5 | 395630.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 70068992.00 |
| 171000000 | Interest Earned | RP-9 | 32442.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 28520761.00 |
| 350000000 | Other Liabilities | RP-36 | 1329618.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 3080.00 |
| 311000000 | Earmarked Funds | RP-29 | 35369.00 |
| 330000000 | Secured Loans | RP-32 | 2113610.00 |
| 340000000 | Deposits Received | RP-34 | 289739.00 |
| 350000000 | Other Liabilities | RP-36 | 414688.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7852472.00 |
| 460000000 | Loans, Advances and Deposits | RP-47 | 33020.00 |
| | Grand total | | 131315131.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4697531.00 |
| 220000000 | Administrative Expenses | RP-12 | 1506720.00 |
| 230000000 | Operations & Maintenance | RP-13 | 2936539.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 11646653.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 30060468.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1624228.00 |
| 253000000 | Decentralised Plan Programme- Projects not included in<br>Sector Division | RP-18 | 3402943.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 849900.00 |

DEPUTY DIRECTOR
MALAPURAM